പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 155

03.10.2016 ൽ മറുപടിക്ക്

## സൈബർ ഡോം

**ചോദ്യം**

**ശ്രീ.കെ.എസ്.ശബരീനാഥൻ**
**,, സണ്ണി ജോസഫ്**
**,, വി.ടി.ബൽറാം**

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ 'സൈബർ ഡോം' എന്ന കേന്ദ്രം ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്. സൈബർ ഡോം പദ്ധതി നടപ്പാക്കുന്നതിന് 22.8.2014 ലെ ജി.ഒ(എം.എസ്) നം.167/2014/ആഭ്യന്തരം പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ സൈബർ ഡോം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സൈബർ കുറ്റങ്ങൾ തടയുന്നതിനും ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സൈബർ കുറ്റങ്ങൾ തടയുന്നതിനും, ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. സോഷ്യൽ മീഡിയ ലാബ്
2. ഓൺലൈൻ വുമൺ ആന്റ് ചൈൽഡ് (സ്ത്രീകളുടേയും കുട്ടികളുടേയും) സുരക്ഷ
3. ചൈൽഡ് പോർണോഗ്രാഫി
4. വെബ് സൈറ്റ് സെക്യൂരിറ്റി
5. പോലീസിംഗ് ഇൻ ഡാർക്ക് നെറ്റ്
6. ഓൺ ലൈൻ പൈറസി
7. മാൽവെയർ അനാലിസിസ്
8. പോലീസിലെ മറ്റ് യൂണിറ്റുകൾക്ക് സാങ്കേതിക സഹായം നൽകൽ
9. പ്രിവെൻഷൻ ഓഫ് ഫിനാൻഷ്യൽ ഫ്രാഡ്സ് (ആർ.ബി.ഐ. യും ബാങ്കുകളുമായി ചേർന്ന് ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിനായി)
10. ട്രെയിനിംഗ് ആന്റ് അവെയർനെസ് ക്രിയേഷൻ.
11. കമ്പ്യൂട്ടർ ശൃംഖലയ്ക്ക് നാശം വരുത്തുന്ന ഏറ്റവും പുതിയതായി രൂപംകൊണ്ട റാൻസംവെയർ അറ്റാക്കിനെ ചെറുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കൂടാതെ ഗാഡ്ജറ്റുകളിലും കമ്പ്യൂട്ടറുകളിലും അറ്റാക്കേഴ്സ് കയറ്റി വിടുന്ന മാൽവെയറുകളെ പറ്റിയുള്ള ഗവേഷണങ്ങളും നടന്നുവരുന്നു. ക്രിയാത്മകമായ പോലീസ് സേവനം പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി സാങ്കേതിക മികവുള്ള ഒരു പോലീസ് സേനയായി കേരള പോലീസിനെ ഉയർത്താനാവശ്യമായ ഗവേഷണങ്ങളും പഠനങ്ങളും നടത്തിവരുന്നു.

(സ) ആരുടെയൊക്കെ സേവനങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സൈബർ ഡോമുമായി മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാൻഡിംഗ് (MOU) ഒപ്പിട്ടിട്ടുള്ള കംപ്യൂട്ടർ ഇൻഡസ്ട്രിയിലെ പ്രഗൽഭരായ ഉദ്യോഗസ്ഥരും, വിദ്യാർത്ഥികളും പോലീസ് സേനയിൽ നിന്നും തെരഞ്ഞെടുത്ത കംപ്യൂട്ടർ പ്രാഗൽഭ്യവും, വൈദഗ്ധ്യവുമുള്ള സേനാംഗങ്ങൾ എന്നിവരെയാണ് ഇതിനായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ഡി) ആധുനിക സൗകര്യങ്ങളോടുകൂടിയ സൈബർ ഡോമിന്റെ ഓഫീസിന്റെ ആസ്ഥാനം ടെക്നോപാർക്കിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഏകദേശം 500 എത്തിക്കൽ ഹാക്കർമാർ സൈബർ ഡോമുമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. സോഷ്യൽ മീഡിയയുടെ ഉപയോഗം പട്ടണങ്ങളിലും ഗ്രാമങ്ങളിലും വർദ്ധിച്ചുവരുന്നതിനാൽ അതനുസരിച്ച് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളുടെ വെല്ലുവിളി നേരിടുന്നതിന് പുതിയ സോഷ്യൽ മീഡിയ ലാബ് തുറന്നിട്ടുണ്ട്. ഒരു ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിൽ I.T. മേഖലയിൽ ആവശ്യമായ യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള യോഗ്യരായ 10 പോലീസ് ഉദ്യോഗസ്ഥരെ ഇതിന്റെ കേന്ദ്രത്തിൽ നിയോഗിച്ചിട്ടുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായിട്ടുള്ള ഗവേണിംഗ് കൗൺസിലും ADGP (ക്രൈംസ്) -ന്റെ അദ്ധ്യക്ഷതയിൽ ഒരു Project Implementation Board -ഉം പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ